**A**

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

**612**

## ആത്യന്തിക വിലയിരുത്തൽ I 2025-2026

### അടിസ്ഥാനപാഠാവലി

**ക്ലാസ്: 6** **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

---

**നിർദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

---

**(1) വായിക്കാം, എഴുതാം**

**പാരിസ്ഥിതികാവബോധത്തിന്റെ കാവ്യലോകം**

മലയാളകവിതയിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിൽ നിരവധി കവികൾ അവരുടെ പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ അതൊന്നും സുഗതകുമാരിയോളമാകുന്നില്ല. കാടിനും കാട്ടുജീവികൾക്കും മരത്തിനും പുഴയ്ക്കും മണ്ണിനും വേണ്ടി സുഗതകുമാരി എഴുതിയിട്ടുള്ള കവിതകൾ മാത്രം ഇരുന്നൂറിന് അടുത്തു വരും. ഏതെങ്കിലും തരത്തിൽ പരിസ്ഥിതി ബന്ധം പുലർത്തുന്നവയാണ് മിക്ക കവിതകളും. പ്രകൃതിയിലെ ജൈവവൈവിധ്യങ്ങളെയെല്ലാം അക്ഷരാർഥത്തിൽ ഉൾക്കൊള്ളാൻ പോരുന്നതാണ് ആ കാവ്യലോകം. മരത്തിനു സ്തുതി, കുറിഞ്ഞിപ്പൂക്കൾ, സൈലന്റ് വാലി, അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും, തൈവയ്ക്കൽ, വനരോദനം, തെംസ്നദിയോട്, മരങ്ങൾ, തുലാവർഷപ്പച്ച, കാലിഫോർണിയകാടുകളിൽ തുടങ്ങി നിരവധി കവിതകൾ പ്രകൃതിസ്നേഹത്തിന്റെ വാങ്മയപ്രപഞ്ചം സൃഷ്ടിക്കുന്നതായി എടുത്തുപറയാനുണ്ട്. സൈലന്റ് വാലി സംരക്ഷണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, വനപ്രകൃതിയുമായി നിരന്തരം പരിചയിച്ചതിന്റെ അനുഭവസാക്ഷ്യമായിനിൽക്കുന്ന കവിതകൾ തന്നെ ഏറെയുണ്ട്. പരിസ്ഥിതി ഒരു ശാസ്ത്രവിഷയം എന്ന നിലയ്ക്കല്ല ജീവനമണ്ഡലം എന്ന നിലയിലാണ് സുഗതകുമാരിയുടെ കവിതകളിൽ നിറയുന്നത്. അതുകൊണ്ടാണ് മനുഷ്യനുള്ളത്രയും പ്രാധാന്യം ആനയ്ക്കും സിംഹവാലൻ കുരങ്ങിനും നായയ്ക്കും എലിക്കും കാക്കയ്ക്കും മരത്തിനും പുല്ലിനും മലയ്ക്കും പുഴയ്ക്കും കവി നല്കുന്നത്.

a) മലയാള കവിതയിൽ ഏത് മേഖലയിലാണ് സുഗതകുമാരി കൂടുതലായി ഇടപെട്ടിട്ടുള്ളത്.

A. ദേശഭക്തി വളർത്തുന്നതിൽ

B. പാരിസ്ഥിതികാവബോധം വളർത്തുന്നതിൽ

C. സ്നേഹഗായിക എന്ന നിലയിൽ

D. കടലോര ജീവിതം ആവിഷ്കരിക്കുന്നതിൽ

b) താഴെ കൊടുത്തവയിൽ സുഗതകുമാരിയുടെ കവിതയല്ലാത്തത് ഏത്?

A. കുറിഞ്ഞിപ്പൂക്കൾ

B. തുലാവർഷപ്പച്ച

C. മരലനമറിയം

D. വനരോദനം

c) സുഗതകുമാരിയുടെ കവിതകളുടെ പ്രത്യേകതയായി ഉയർത്തിക്കാട്ടുന്നത് താഴെ പറയുന്നവയിൽ ഏത് പ്രസ്താവനയാണ്.

1. പ്രകൃതിയിലെ ജൈവവൈവിധ്യങ്ങളെയൊന്നും ഉൾക്കൊള്ളാൻ അവർക്കായില്ല.

2. നിരവധി കവിതകളിൽ പ്രകൃതിസ്നേഹം നിറഞ്ഞു നില്ക്കുന്നതായി കാണാം.

A. 1 ശരി

B. 1 ഉം 2 ഉം ശരി

C. 2 ശരി

D. 1 ഉം 2 ഉം തെറ്റ്

d) വായനഭാഗത്തിലെ ആശയങ്ങളെ ക്രമപ്പെടുത്തിയാൽ ശരിയാകുന്ന ക്രമം.

1. സൈലന്റ്‌വാലി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുത്തതിന്റെ അനുഭവം സുഗതകുമാരിക്കുണ്ട്.

2. പ്രകൃതിയിലെ എല്ലാറ്റിനും വേണ്ടി നിലകൊണ്ട കവിയായിരുന്നു സുഗതകുമാരി.

3. മനുഷ്യനുള്ളത്ര പ്രാധാന്യം തന്നെ മറ്റു ജീവജാലങ്ങൾക്കുമുണ്ടെന്ന് സുഗതകുമാരി മനസ്സിലാക്കി.

4. പരിസ്ഥിതി വിഷയം ഒരു ശാസ്ത്രവിഷയം മാത്രമല്ലെന്നു സുഗതകുമാരിയ്ക്ക് അറിയാമായിരുന്നു.

A. 1,2,3,4

B. 2,3,4,1

C. 2,1,4,3

D. 3,4,1,2

**(2) പോസ്റ്റർ**

a) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് ഇരുന്നൂറ് വർഷത്തിനടുത്ത ചരിത്രമുണ്ട്. സെപ്റ്റംബർ 14 ഗ്രന്ഥശാല ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ നടത്താവുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാവാം. സ്കൂളിൽ പ്രദർശിപ്പിക്കാനായി പോസ്റ്റർ തയ്യാറാക്കുക.

b) മാതൃഭാഷയെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത്.

1. മാതൃഭാഷ എന്ന വാക്കിൽ അർഥം മാത്രമല്ല ഭാവവും അടങ്ങിയിരിക്കുന്നു

2. തീക്ഷ്ണമായ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ മാതൃഭാഷയ്ക്ക് പങ്കില്ല.

3. അനുഭവങ്ങൾക്കപ്പുറം അനുഭൂതിയും നൽകാൻ കഴിയുന്നത് മാതൃഭാഷയ്ക്കാണ്.

4. ഭാവനാപരമായ ഒരു ജീവിതത്തിന് മാതൃഭാഷയുടെ ആവശ്യമില്ല.

A. 1 മാത്രം ശരി

B. 3 മാത്രം ശരി

C. 1 ഉം 3 ഉം ശരി

D. 2 ഉം 4 ഉം ശരി

c) താഴെ കൊടുത്തവയിൽ തെറ്റായ പ്രസ്താവന ഏത്?

A. കണക്കു പരീക്ഷയിൽ ഒന്നാമനായത് അവന്റെ കുശലത്വം കൊണ്ടു മാത്രമാണ്.

B. കളിയിലുള്ള കുശലത്വമാണ് അവരെ വിജയിക്കാൻ സഹായിച്ചത്.

C. കുശലത്വം ആവശ്യമില്ലാത്ത കളിയാണ് ചെസ്സ്.

D. ശില്പിയുടെ കുശലത്വം ശില്പങ്ങളിൽ മനസ്സിലാക്കാം.

**ചുവടെ കൊടുത്ത (3A), (3B) എന്നീ രണ്ടുചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.**

**(3A) വിശകലനക്കുറിപ്പ്**

**നമ്മമലയാളം**

ഞാനുമീ മണ്ണിന്റെയവകാശിയാണെന്ന്
നാലുപേർ കേൾക്കെ പറയുവാൻ
കുഞ്ഞേ നിനക്കുമുണ്ടൊരു ഭാഷ
വരമായി മരണമില്ലാത്ത മലയാളം

ബാലമുരളീകൃഷ്ണൻ ടി.ആർ.

അക്കഴുത്തിലെ നാനാവർണ്ണവും നറുനീരി-
ന്നുൾക്കുളിരൊലിയും ചേർന്നെന്നുമീ മലയാളം
മധുരിക്കുന്നു പച്ചക്കിളി, നിൻ കൊക്കാഴ്ത്തുന്ന
മലരും കനിയുമുൾത്തേനുമീ മലയാളം

പഞ്ചവർണ്ണക്കിളി- ഒളപ്പമണ്ണ

മുകളിൽ നൽകിയ കവിതാഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**അല്ലെങ്കിൽ**

**(3B) അഭിപ്രായക്കുറിപ്പ്**

ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം.

എന്റെ ഭാഷ - വള്ളത്തോൾ

കവിതയിലെ വരികളുടെ ആശയം മനസ്സിലാക്കി അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

ചുവടെ കൊടുത്ത 4A, 4B എന്നീ രണ്ടുചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.

**(4A) ആസ്വാദനക്കുറിപ്പ്**

**പ്രഭാതത്തിൽ**

വെളിച്ചമേകും ചെങ്കതിരോന്റെ
പൊന്നിൻ കിരണവുമായ്,
ചിരിച്ചു നിൽക്കും തെച്ചിപ്പൂവിൻ
തുടുത്ത ഇതളുകളായ്,
പറന്നു വന്നൊരു പൂമ്പാറ്റയുടെ
പുള്ളിയുടുപ്പുകളായ്,
തെന്നിപ്പാറും കുസൃതിക്കാറ്റിൻ
ഒരു നവഗന്ധവുമായ്,
പുതിയ നിറങ്ങൾ, പുതിയ മണങ്ങൾ,
പുതിയ വിശേഷവുമായ്,
പുതിയ വിളക്കുകൾ തെളിച്ചു കൊണ്ടീ
പ്രഭാതമെത്തുമ്പോൾ,
മനസ്സിലെത്തി, പുതുപുതുചിന്തകൾ,
പുത്തൻ മോഹങ്ങൾ.
വിരിഞ്ഞു വരുമൊരു ചിന്തകളൊക്കെ
കുറിച്ചു വെച്ചപ്പോൾ,
വരികൾക്കിടയിൽ മറഞ്ഞിരുന്നൊരു
കവിത ചിരിക്കുന്നു!

അനാമിക കെ.എച്ച്.

പ്രഭാതവർണ്ണന നിറഞ്ഞുനിൽക്കുന്ന ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(4B) ആസ്വാദനക്കുറിപ്പ്**

**വിളിച്ചാൽ നീ വരുമെങ്കിൽ**

വിളിക്കുമ്പോൾ വരാറുള്ള
കിളിക്കുഞ്ഞേ നിനക്കിപ്പോൾ
മഴത്തുള്ളിച്ചിഞ്ചിലങ്ങൾ
പറിക്കാനുണ്ടോ?

കിഴക്കെങ്ങാൻ പെയ്യുതോരും
മഴപ്പാട്ടിൻ മുഴക്കങ്ങൾ
കിളിക്കൂട്ടിൽ കാതോർത്തു
കിടക്കാറുണ്ടോ?

വടക്കെങ്ങാൻ കതിർതേടി
പറക്കുന്ന കിളിക്കൂട്ടം
വിരുന്നെത്തും സായാഹ്നം
കൊതിക്കാറുണ്ടോ?

പടിഞ്ഞാറൻ കടൽക്കാറ്റ-
ത്തിരമ്പുന്ന താളമേളം
കുളിർപെയ്യും പൂനിലാവിൽ
ലയിക്കാറുണ്ടോ?

പി.കെ. ഗോപി

കവിതയുടെ ആശയം, മനോഹരമായ പ്രയോഗങ്ങൾ എന്നിവ കണ്ടെത്തി നിങ്ങളുടെ നിരീക്ഷണങ്ങൾ കൂടി ചേർത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

**(5) ലഘുഉപന്യാസം**

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും

കുഞ്ഞുണ്ണി മാഷ്

വായിക്കുന്നതും അറിവ് നേടുന്നതും നമ്മുടെയെല്ലാം ജീവിതവിജയത്തിന് കാരണമാകുന്നില്ലേ? 'വായനയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ ലഘുഉപന്യാസം തയ്യാറാക്കുക.

**(6) വായനക്കുറിപ്പ്**

'ശന്തനുവിന്റെ പക്ഷികൾ' എന്ന പാഠഭാഗം വായിച്ചല്ലോ? പ്രകൃതിയിലെ കൗതുകകരവും മനോഹരവും മായികവുമായ കാഴ്ചയുടെ വിവരണങ്ങൾ നിറഞ്ഞ ഈ കഥ നിങ്ങൾക്കിഷ്ടമായല്ലോ. അതുപോലെ നിങ്ങൾ വായിച്ച ഏതെങ്കിലും കഥയുടെ വായനക്കുറിപ്പ് തയ്യാറാക്കുക.